## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2480** **11.10.2011- ൽ മറുപടിക്ക്**

### വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിപ്രകാരമുള്ള പുനരുദ്ധാരണ പ്രവൃത്തികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. റവന്യൂ വകുപ്പു മന്ത്രി) |
| (എ) | വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രകാരം കഴിഞ്ഞ സർക്കാർ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളിൽ 24-05-2011 ന് മുമ്പ് പുനരുദ്ധാരണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ചെയ്യേണ്ടതില്ലായെന്ന ഉത്തരവ് നൽകിയിട്ടുണ്ടോ; | (എ) & (ബി) | ഇല്ല. എന്നാൽ ഭരണാനുമതി ലഭിച്ച പല പ്രവൃത്തികളും ഒരു വർഷം കഴിഞ്ഞിട്ടും ആരംഭിച്ചിട്ടില്ലാത്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ, 24.05.2011 ന് മുമ്പ് പുനരുദ്ധാരണ പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്ത, കാലാവധി കഴിഞ്ഞ പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിച്ചു നൽകേണ്ടതില്ല എന്ന് സ.ഉ(ആർ.റ്റി)നം. 3120/2011/ഡി.എം.ഡി തീയതി.14.07.2011 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ബി) | എങ്കിൽ ഉത്തരവിന്റെ നമ്പറും തീയതിയും വ്യക്തമാക്കാമോ; | | |
| (സി) | പ്രസ്തുത ഉത്തരവ് നൽകിയ തീയതിക്കും 24-05-2011 നും ഇടയിൽ എഗ്രിമെന്റ് വച്ച് ആരംഭിച്ചിട്ടുള്ള പ്രവൃത്തികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) | ഇതുവരെ സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (ഡി) | എങ്കിൽ ഇത്തരത്തിലുള്ള പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ